## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1289

11.02.2016-ൽ മറുപടിക്ക്

### അണ്ടർവാല്യൂവേഷൻ കേസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ.എം.പി.വിൻസെൻറ്** | | **ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | അണ്ടർവാല്യൂവേഷൻ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ 9(1) (സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ 45 ബി വകുപ്പുപ്രകാരം നടപടി സ്വീകരിച്ച അണ്ടർ വാല്യുവേഷൻ കേസുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി പൊതുതാൽപര്യാർത്ഥം മുദ്രവില / രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകിക്കൊണ്ട് 25.08.2012 ലെ ജി.ഒ.(പി) 151/2012/നിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ കാലാവധി 31.03.2014-ൽ അവസാനിച്ചിട്ടുള്ളതാണ്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | ആധാരങ്ങളിൽ വസ്തു വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട് 1986 മുതൽ 31.03.2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 31.03.2014 വരെ 131111 കേസ്സുകൾ തീർപ്പാക്കിയതിലൂടെ 30.36 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടും നിർദ്ദേശങ്ങളും സർക്കാർ തലത്തിലും വകുപ്പുതലത്തിലും നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ